3596
11/3/21

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡിലെ അംഗീകൃത തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ. ഉ. (കൈ) നം.07/2021/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 26.02.2021

===========================================================================

പരാമർശം:-
1. സ.ഉ.(കൈ)നം. 05/2015/പി.സ.വി.വ., തീയതി 30.01.2015
2. സ.ഉ.(പി)നം. 07/2016/ധന., തീയതി 20.01.2016.
3. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30.06.2018 -ലെ ഇ 1-263/2015-16/സി.സി.ഡി.സി/കെ.റ്റി.എം നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണ ശുപാർശ പ്രകാരം അനുവദിച്ച ആനുകൂല്യങ്ങൾ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാർക്കും ബാധകമാക്കണമെന്നഭ്യർത്ഥിച്ച് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലുള്ള ജീവനക്കാർക്ക് പരാമർശം (2)-ലെ ഉത്തരവിലെ Annexure I പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 01.07.2014 പ്രാബല്യത്തിൽ 10- ാം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം | നിലവിലുള്ള ശമ്പളസ്കെയിൽ | പരിഷ്കരിച്ച ശമ്പളസ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | 20/05/2009-ലെ സ.ഉ(എം.എസ്) നം.19/2009/പ്ലാനിംഗ് പ്രകാരം | 20/05/2009-ലെ സ.ഉ(എ.എസ്) നം.19/2009/പ്ലാനിംഗ് പ്രകാരം |
| 2 | ജനറൽ മാനേജർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 4 | റീജിയണൽ മാനേജർ | 2 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |

| | | | | |
|---|---|---|---|---|
| 5 | ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 | 30700-65400 |
| 6 | യു ഡി ക്ലാർക്ക് | 1 | 11620-20240 | 22200-48000 |
| 7 | എൽ ഡി ക്ലാർക്ക് | 2 | 9190-15780 | 18000-41500 |
| 8 | എൽ ഡി ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 9 | ഡ്രൈവർ | 1 | 9190-15780 | 18000-41500 |
| 10 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 2 | 4250-6700 | 8200-13340 |

I. മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

II. 01.07.2014-ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. 01.07.2014-ലെ ക്ഷാമബത്ത പൂജ്യമായിരിക്കും. തുടർന്ന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

III. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016 ലെ സ.ഉ (പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ Annexure II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയിറ്റേജിന് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ റഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ്.

IV. വീട്ടു വാടക ബത്ത 20/01/2016 ലെ സ.ഉ (പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .

V. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ.ഉ(പി) നം.7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

VI. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി)നം .7/2016/ധന നമ്പർ ഉത്തരവിന്റെ Annexure III-ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

VII. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരി 31.05.2017 ൽ വിരമിച്ചതിനാൽ പ്രസ്തുത തസ്തിക നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് .

VIII. റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർനാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല .

IX. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

X. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

XI. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ കോർപ്പറേഷനിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

XII. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല. കരാർ ദിവസകൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന

വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കുശേഷം അവസാനിപ്പിക്കേണ്ടതുമാണ്.

XIII. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

XIV. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

XV. ഓഡിറ്റ് കുടിശ്ശിക തീർക്കുന്നതിന് സമയക്രമം നിശ്ചയിക്കേണ്ടതും ആയത് സമയ ബന്ധിതമായി പൂർത്തിയാക്കി ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

XVI. ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. 01.07.2014 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

XVII. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

XVIII. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പുനീത് കുമാർ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ,കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, നാഗമ്പടം, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide PU-C3/168/2018-FIN(984258) പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (Vide PLGEA-BPE2/78/2020-PLGEA, തീയതി 17.09.2020 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 4824, തീയതി 24.02.2021)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Omana.V.D.

സെക്ഷൻ ഓഫീസർ.

60

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. 88/ബി2/2018/പി.വി.വി.വ. ഇനം നം: 4824

വിഷയം : പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 01.07.2014 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

AS (BCDD) Forward GO please 25/2/2021

പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 88/ബി2/2018/പി.വി.വി.വ. |
| 2 | വകുപ്പ് | പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 01.07.2014 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയ്യതി | 20.02.2021 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ; | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; | ഉണ്ട് |
| | ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. സുരേഷ് കുമാർ പി. എൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | Dr. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയ്യതി | 23.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. 30.01.2015 -ലെ സ.ഉ.(കൈ)നം.05/2015/പി.സ.വി.വ. പ്രകാരം കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 01.07.2009 മുതൽ പ്രാബല്യം നൽകി ശമ്പള പരിഷ്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചി രുന്നു. സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന അതേ നിരക്കിലാണ് കോർപ്പറേഷൻ ജീവനക്കാ രുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുവരുന്നത്. 21.03.2017 - ൽ കൂടിയ കോർപ്പറേഷന്റെ 187-ാമത് ഡയറക്ടർ ബോർഡ് യോഗത്തിലെ 8-ാം നമ്പർ തീരുമാന പ്രകാരം, പത്താം ശമ്പള പരിഷ്കരണ ശുപാർശകളുടെ അടിസ്ഥാനത്തിൽ 20.01.2016-ലെ സർക്കാർ ഉത്തരവ് (പി) നം.07/2016/ധന. പ്രകാരം 01.07.2014 മുതൽ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിന്റെ ആനുകൂല്യം അതേ നിരക്കിൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശമ്പള പരിഷ്കരണത്തിനുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചു.

3. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയപ്പോൾ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലുള്ള ജീവനക്കാർക്ക് 20.01.2016 തീയതിയിലെ സ.ഉ.(അച്ചടി) നം.7/2016/ധന നമ്പർ ഉത്തരവിലെ Annexure I പ്രകാരം, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 10- ാം ശമ്പള പരിഷ്കരണം അനുവദിക്കാവുന്നതാണെന്ന് ഭര ന വകുപ്പിനെ അറിയിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | 20/05/2009-ലെ സ.ഉ(എം.എസ്) നം.19/2009/പ്ലാനിംഗ് പ്രകാരം | 20/05/2009-ലെ സ.ഉ(എ.എസ്) നം.19/2009/പ്ലാനിംഗ് പ്രകാരം |
| 2 | ജനറൽ മാനേജർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 4 | റീജിയണൽ മാനേജർ | 2 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 5 | * ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 | 30700-65400 |
| 6 | യു ഡി ക്ലാർക്ക് | 1 | 11620-20240 | 22200-48000 |
| 7 | എൽ ഡി ക്ലാർക്ക് | 2 | 9190-15780 | 18000-41500 |
| 8 | എൽ ഡി ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 9 | ഡ്രൈവർ | 1 | 9190-15780 | 18000-41500 |
| 10 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 2 | 4250-6700 | 8200-13340 |

1. മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .
2. 01.07.2014-ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. 01.07.2014-ലെ ക്ഷാമബത്ത പൂജ്യമായിരിക്കും. തുടർന്ന് സരിക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള

വിഷയങ്ങളിൽ 20/01/2016 ലെ സ.(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ Annexure II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയിറ്റേജിന് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ റഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ് .

4. വീട്ടു വാടക ബത്ത 20 /01 /2016 ലെ സ.ഉ (പി ) നം .7 /2016 / ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .
5. സിറ്റി കോമ്പൽസേറ്ററി അലവൽസ് 20 /01 /2016 ലെ സ.ഉ(പി) നം.7 /2016 / ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിർ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.
6. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി)നം . 7/2016/ധന നമ്പർ ഉത്തരവിന്റെ Annexure III-ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .
7. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരി 31.05.2017 ൽ വിരമിച്ചതിനാൽ പ്രസ്തുത തസ്തിക നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് .
8. റേഷ്യോ പ്രൊമോഷൽ /അപ്ഗ്രഡേഷൻ / തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല .
9. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
10. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൻ (ശമ്പളം, അലവൻസുക, ലീവ്, പ്രൊമോഷൻ പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .
11. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ കോർപ്പറേഷനിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.
12. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation ,

താൽക്കാലികം ദിവസക്കൂലി .കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല. കരാർ ദിവസകൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കുശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

13. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൾ പാടില്ല . പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്

14. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

15. ഓഡിറ്റ് കുടിശ്ശിക തീർക്കുന്നതിന് സമയക്രമം നിശ്ചയിക്കേണ്ടതും ആയത് സമയ ബന്ധിതമായി പൂർത്തിയാക്കി ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

16. ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. 01.07.2014 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൽ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

18. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി

ഉത്തരവാദിയായിരിക്കുന്നതാണ്.

19. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

4. ഇക്കാര്യം മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കാമോ എന്നതിൻമേൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 10 -ാം ശമ്പള പരിഷ്കരണം ധനകാര്യവകപ്പ് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 01.07.2014 തീയതി പ്രാബല്യത്തിൽ നടപ്പാക്കാമോ ?

23/2

24/02/2021

23/2/2021

23/2/2021

A.K. BALAN
Minister for Welfare of Scheduled Castes,
Scheduled Tribes, Backward Classes, Law,
Culture and Parliamentary Affairs